"ഭരണഭാഷ - മാതൃഭാഷ"

**KSEB**

**കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്**

(1956 - ലെ ഇന്ത്യൻ (1956-ലെ ഇന്ത്യൻ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)

രജി: ഓഫീസ്: വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം - 695 004, CIN :U40100KL2011SGC027424

ഓഫീസ് ഓഫ് ദി എക്സി.എൻജിനീയർ, റിസർച്ച് &ആന്റ് ഡാം സേഫ്റ്റി ഡിവിഷൻ നമ്പർ-2, വാഴത്തോപ്പ്

ഫോൺ നമ്പർ : 04862 235221, 9446008425, ഇമെയിൽ : ddrdsidk@gmail.com

ആർഡിഎസ്2/ഡി.ബി.27/2021-22 തീയതി.15/10/2021

പ്രേഷകൻ,

എക്സി.എഞ്ചിനീയർ

സ്വീകർത്താവ്,

ബഹു.ജില്ലാ കളക്ടർ
കളക്ടേറ്റ്, കയിലിമല
ഇടുക്കി

സർ,

വിഷയം:- ഇടുക്കി ജലവൈദ്യുതപദ്ധതി - കാലവർഷം 2021 - ഇടുക്കി ജലാശയത്തിലെ ജലനിരപ്പ് ബ്ലൂ അലർട്ട് ലെവലിലേയ്ക്ക് എത്തിയതു സംബന്ധിച്ച്

സൂചന:- 1) 2021 ലെ കാലവർഷ തുലാവർഷ മുന്നൊരുക്ക ദുരന്ത പ്രതികരണ മാർഗ്ഗരേഖ (ഓറഞ്ച് ബുക്ക്)

2) BO(DB)No.375/2020 (DGC/AEE-II/Dam safety/2018) Thiruvananthapuram dtd, 03/06/2020 (റൂൾ ലെവൽ )

3) ഇടുക്കി അണക്കെട്ടിന്റെ അടിയന്തിര പ്രവർത്തന പദ്ധതി (EAP)

മേൽ സൂചനകൾ പ്രകാരം 2021 ലെ കാലവർഷ - തുലാവർഷ മുന്നൊരുക്കങ്ങളുടെ ഭാഗമായി ഡാം തുറക്കുന്നതുമായി ബന്ധപ്പെട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളിലേയ്ക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

ഇടുക്കി ജലവൈദ്യുത പദ്ധതിയുടെ ഭാഗമായ ഇടുക്കി ജലസംഭരണിയുടെ പൂർണ്ണ സംഭരണ ശേഷി (FRL) 2403.00 അടിയാണ് ഇന്ന് 15/10/2021 ലെ റൂൾ കർവ്വ് (2398.86 ft) പ്രകാരം ബ്ലൂ അലർട്ട് 2390.86 അടിയും, 'ഓറഞ്ച് അലർട്ട്' 2396.86 അടിയും, 'റെഡ് അലർട്ട്' 2397.86 അടിയുമാണ്. ഇടുക്കി ജലസംഭരിയുടെ ബ്ലൂ അലേർട്ടും ഓറഞ്ച് അലേർട്ടും തമ്മിലുള്ള വ്യത്യാസം 6 അടിയാണ്. കാലവർഷം ശക്തി പ്രാപിച്ചു നിൽക്കുന്നതിനാലും വൃഷ്ടി പ്രദേശത്ത് തുടർച്ചയായി മഴലഭിക്കുന്നതിനാലും കഴിഞ്ഞ 10 ദിവസങ്ങളിലായി സംഭരണിയിലെ ജലനിരപ്പ് ക്രമേണ ഉയർന്നിട്ടുള്ളതും (ജലനിരപ്പ്, മഴയുടെ അളവ്, സ്റ്റോറേജ് എന്നിവ താഴെ പട്ടികയായി ചേർത്തിട്ടുള്ളതാണ്) ഇന്നേ ദിവസത്തേ (15/10/2021 ) ജലനിരപ്പ് 2390.86 അടിയും ആകെ സംഭരണശേഷിയുടെ 86.05 % ഉം ആണ്. കൂടാതെ സൂചന (1) പ്രകാരം അണക്കെട്ട് തുറക്കുന്നതിന് 36 മണിക്കൂറിനു മുൻപെങ്കിലും പ്രാഥമിക അറിയിപ്പായ ബ്ലൂ അലർട്ട് നൽകേണ്ടതാണ്.

റിസർവോയറിലെ അധിക ജലം സ്പിൽവേയിലൂടെ ഒഴിക്കിവിടുന്ന നടപടിയുടെ ഭാഗമായി എമർജൻസി പ്ലാനിംങ്ങ് മാനേജർ എന്ന നിലയിൽ ഒന്നാം ഘട്ട മുന്നറിയിപ്പായി ഇന്ന് 15.10.2021, 8 എ.എം മുതൽ ബ്ലൂ അലേർട്ട് പ്രഖ്യാപിച്ചിരിക്കുന്നതായി അങ്ങയെ അറിയിക്കുന്നു. ഇതിൻ പ്രകാരമുള്ള മറ്റ് മുന്നൊരുക്കങ്ങൾ അങ്ങയുടെ സമക്ഷത്തിൽ നിന്നും സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

എന്ന്
വിശ്വസ്തതയോടെ

R. Sindhu

എക്സി. എഞ്ചിനീയർ

(PTO)